# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5210 31/10/2016 ന് മറുപടിക്ക്

## ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ചുമതലകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | സെക്രട്ടേറിയറ്റിൽ ലിഫ്റ്റ് സൂപ്പർ വൈസർമാരുടെ എത്ര തസ്തികക ളാണ് നിലവിലുള്ളത് എന്ന് വിശദാംശം സഹിതം ലഭ്യമാക്കുമോ; | എ) | 3 തസ്തികകളാണ് നിലവിലുള്ളത്. അതിൽ താഴെ പറയുന്നവർ സേവനമനുഷ്ഠിച്ചുവരുന്നു.<br>1. ശ്രീ. എ.നസീർ<br>2. ശ്രീ. ബി.മോഹനകുമാർ<br>3. ശ്രീ. ജി.ജെ.ജോയ് കുമാർ |
| ബി) | ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ചുമതല എന്തെല്ലാമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | ബി) | ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| സി) | ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ ഷിഫ്റ്റ്-ഇൻ-ചാർജ്ജ് എന്ന ഉത്തരവാദിത്വം സൂപ്പർ വൈസർമാർ നിർവ്വഹിക്കാറുണ്ടോ; ഇത് പരിശോധിച്ച് ഉറപ്പ് വരു ത്താറുണ്ടോ; ആയതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | സി) | ഉണ്ട്. ഇത് പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് ലിഫ്റ്റ് സൂപ്പർവൈസർ മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | ലിഫ്റ്റ് ഓപ്പറേറ്റർമാർക്കും സൂപ്പർ വൈസർക്കും യൂണിഫോം നിർബന്ധ മാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് യൂണിഫോം അലവൻസ് നൽക ന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | ഡി) | യൂണിഫോം നിർബന്ധമാക്കിയിട്ടുണ്ട്. യൂണിഫോം അലവൻസ് നൽകി വരുന്നുണ്ട്. |
| ഇ) | യൂണിഫോം അലവൻസ് കൈപ്പ റ്റുകയും എന്നാൽ യൂണിഫോം ധരി ക്കാതെ ഡ്യൂട്ടി ചെയ്യുകയും ചെയ്യുന്ന വിവരം പരിശോധിച്ചിട്ടുണ്ടോ; ഈ വിഭാഗം ജീവനക്കാരുടെ ജോലി, ഹാജർ, പെരുമാറ്റം എന്നീ കാര്യങ്ങൾ പരിശോധിച്ച് മേൽനോട്ടം വഹിക്കു ന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഓഫീ സർ ആരെന്ന് വ്യക്തമാക്കാമോ; | ഇ) | ഇത്തരത്തിൽ ലഭിച്ച പരാതികൾ പരി ശോധിച്ച് നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. ലിഫ്റ്റിന്റെ ചാർജ്ജുള്ള സാർജന്റിനാണ് ഇക്കാര്യത്തിൻ മേലുള്ള ചുമതല. |

| | | | |
|---|---|---|---|
| എഫ് | യൂണിഫോം ധരിക്കാതിരിക്കുക, ലിഫ്റ്റ് പ്രവർത്തിപ്പിക്കാതിരിക്കുക, ഡ്യൂട്ടി സമയം കൃത്യമായി ജോലി നോക്കാതെ ലിഫ്റ്റിൽ നിന്നും മാറി നിൽക്കുക എന്നീ വീഴ്ചകൾ ബോധപൂർവ്വം നടത്തുന്ന ലിഫ്റ്റ് ഓപ്പറേറ്റർ, സൂപ്പർവൈസർ തസ്തിക കളിൽ ജോലി ചെയ്യുന്നവരെ കണ്ടെ ത്തുന്നതിന് അടിയന്തര നടപടി സ്വീക രിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | എഫ് | പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അടിയന്തിര നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ലിഫ്റ്റ് സൂപ്പർവൈസർ തസ്തികയുടെ ചുമതലകളും ഉത്തരവാദിത്വവും

[സർക്കാർ ഉത്തരവ് (സാധാ) നമ്പർ 7462/97/പൊ.ഭ.വ. തീയതി 04.09.1997]

1. ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ 'ഷിഫ്റ്റ്-ഇൻ-ചാർജ്' എന്ന ഉത്തരവാദിത്വം സൂപ്പർവൈസർമാർ നിർവ്വഹിക്കേണ്ടതാണ്.

2. ഡ്യൂട്ടി സമയത്ത് സൂപ്പർവൈസർ യൂണിഫോം ധരിച്ചിരിക്കണം.

3. സൂപ്പർവൈസർമാർ സാർജന്റിന്റെ നിയന്ത്രണത്തിൽ ആയിരിക്കും.

4. സൂപ്പർവൈസർമാരുടെ ജോലിസമയം രാവിലെ 7.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയും ഉച്ചയ്ക്ക് 1.30 മുതൽ രാത്രി 8.30 വരെയും ആയിരിക്കും. ഷിഫ്റ്റുകൾ ആഴ്ചതോറും മാറുന്നതാണ്. ഇവർക്ക് ഹോളിഡേ ഡ്യൂട്ടി ബാധകമാകുകയില്ല.

5. ഷിഫ്റ്റിലുള്ള ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ മേൽനോട്ടവും നിയന്ത്രണവും ലിഫ്റ്റ് സൂപ്പർവൈസർമാരിൽ നിക്ഷിപ്തമായിരിക്കും.

6. ലിഫ്റ്റ് ഓപ്പറേറ്റർമാർ തങ്ങളുടെ ഔദ്യോഗിക കൃത്യനിർവ്വഹണ സമയം കൃത്യമായി പാലിക്കുന്നുണ്ടെന്നും സൂപ്പർവൈസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

7. ഡ്യൂട്ടിയിലുള്ള ലിഫ്റ്റ് ഓപ്പറേറ്റർമാർ എല്ലാ ലിഫ്റ്റുകളും ഷെഡ്യൂൾ അനുസരിച്ച് പ്രവർത്തിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ആവശ്യമെങ്കിൽ പകരക്കാരനായി ജോലി ചെയ്യേണ്ടതുമാണ്.

8. ഡ്യൂട്ടിയിൽ ആയിരിക്കുന്ന ലിഫ്റ്റ് ഓപ്പറേറ്റർമാരെ ആവശ്യാനുസരണം ലഘുഭക്ഷണത്തിനും മറ്റ് അത്യാവശ്യങ്ങൾക്കുമായി ലിഫ്റ്റ് സൂപ്പർവൈസർ വിടുതൽ ചെയ്യേണ്ടതാണ്.

9. ഡ്യൂട്ടി സമയം തീരുന്നതുവരെയും സൂപ്പർവൈസർ ഓപ്പറേറ്റർമാരോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

10. ലിഫ്റ്റ് സൂപ്പർവൈസർ ആരെങ്കിലും ഹാജരാകാതിരിക്കുന്ന ദിനങ്ങളിൽ അവരുടെ സൂപ്പർവൈസറി ചുമതലകൾ സാർജന്റ് തന്നെ നിർവ്വഹിക്കുന്നതാണ്.